വർഷം	ജീവനക്കാർക്ക് നൽകിയ ശമ്പളം	റ്റി.എ.	ഡി.എ.	വാഹന ചെലവ്
2011	2,22,32,620	4,83,668	...	33,90,382
2012	3,23,03,683	9,64,145	...	34,66,756
2013	3,98,81,931	11,60,335	...	34,75,866
2014	4,56,01,394	12,84,553	...	38,53,160
2015 (5/15) വരെ	2,28,57,753	3,92,983	...	17,17,293
	16,28,77,381	42,85,734	...	1,59,03,457

(ഇ) എ.പി.റ്റി.എസ്. സ്ക്വാഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി ജീവനക്കാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും പരിശോധനയിലെ കൃത്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി അതിനൂതനമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും അവധി ദിവസങ്ങളിലും, രാത്രികാലങ്ങളിലും കൂടുതൽ പരിശോധനകൾ നടത്തുന്നതിനും, എ.പി.റ്റി.എസ്സിന്റെ നിലവിലുള്ള എല്ലാ സ്ക്വാഡുകളേയും ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക സ്ഥലങ്ങളിലെ കേന്ദ്രീകൃത പരിശോധന ഊർജ്ജിതപ്പെടുത്തുന്നതിനും, പ്രവർത്തന മികവിനായി ആലപ്പുഴ, പത്തനംതിട്ട ജില്ലകൾക്ക് പൊതുവായുണ്ടായിരുന്ന തിരുവല്ല സ്ക്വാഡിനെ വിഭജിച്ച് ആലപ്പുഴ ജില്ലയ്ക്ക് മാത്രമായി 14-ാമത് സ്ക്വാഡ് രൂപീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജല വൈദ്യുത പദ്ധതികൾ

9(1997) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ജല വൈദ്യുതപദ്ധതികൾ കമ്മീഷൻ ചെയ്തുവെന്ന് വിശദമാക്കാമോ ?

ഉത്തരം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ 4 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 15.25 മെഗാവാട്ട് വൈദ്യുത ശൃംഖലയിലേയ്ക്ക് കൂട്ടിചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1	റന്നി - പെരുനാട് SHEP	4 MW
2	പീച്ചി SHEP	1.25 MW
3	വിലങ്ങാട് SHEP	7.5 MW
4	ചിമ്മിനി SHEP	2.5 MW
	ആകെ	15.25 MW

കൂടാതെ പൊരിങ്ങൽകുത്ത് (4 മെഗാവാട്ട്), ശബരിഗിരി (5 മെഗാവാട്ട്) എന്നീ പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനം വഴി 9 MW -ന്റെ സ്ഥാപിത ശേഷി വർദ്ധനവും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ 10.5 മെഗാവാട്ട് ശേഷിയുള്ള കാരിക്കയം ജലവൈദ്യുത പദ്ധതി, 3 മെഗാവാട്ടിന്റെ മീൻവല്ലം ജലവൈദ്യുത പദ്ധതി എന്നിവ കമ്മീഷൻ ചെയ്തു. 50 കിലോവാട്ടിന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി, 110 കിലോവാട്ടിന്റെ മാങ്കുളം മൈക്രോ ജലവൈദ്യുത പദ്ധതിയും പുതുക്കി ഗ്രിഡുമായി കണക്ട് ചെയ്തിട്ടുണ്ട്. കൂടാതെ 53 പീക്കോ ജലവൈദ്യുത പദ്ധതികൾ (IKW) കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ (CFA) കമ്മീഷൻ ചെയ്തിട്ടുണ്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ നിയമനം

10(1998) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പി.എസ്.സി.-യെ മറികടന്ന് സ്വന്തം നിലയിൽ നിയമനം നടത്താൻ നീക്കങ്ങൾ നടക്കുന്നുണ്ടോ ; നിയമനങ്ങൾ പി.എസ്.സി. മുഖാന്തരം നടത്താൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ സർക്കാരിതര കമ്പനിയാക്കാൻ ശ്രമങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന പുതിയ കമ്പനി മൂന്ന് വിഭാഗങ്ങളാകുമെങ്കിലും ഒരു കുടക്കീഴിൽ സർക്കാർ കമ്പനിയായി നിലനിൽക്കുമെന്ന ഉറപ്പ് പാലിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly